(ബി) കുടുംബത്തോട് ഉത്തരവാദിത്വമില്ലാത്തതോ മദ്യപാനിയോ ആയ ഗൃഹനാഥൻ പ്രസ്തുത ഭൂമി അന്യാധീനപ്പെടുത്തുവാൻ സാദ്ധ്യതയുള്ളതിനാൽ ഇത്തരം പട്ടയങ്ങളും കൈവശാവകാശരേഖകളും ഗൃഹനാഥന്റെയും ഗൃഹനാഥയുടേയും പേരിൽ സംയുക്തമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവാഹിതർ ഭൂമി പതിവിന് അപേക്ഷിക്കുമ്പോൾ ഭാര്യയും ഭർത്താവും സംയുക്തമായിരിക്കണമെന്നും ഇരുവരുടെയും സംയുക്തമായി പേരിൽ പട്ടയം നൽകണമെന്നും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ഭൂമി പതിവുചട്ടങ്ങളിലെ ചട്ടം 6 (7) അനുശാസിക്കുന്നുണ്ട്. ഇപ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ പട്ടയം നൽകുന്നത് ഗൃഹനാഥന്റെയും ഗൃഹനാഥയുടെയും സംയുക്തനാമത്തിലാണ്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഇപ്രകാരമുള്ള വ്യവസ്ഥകൾ ഇല്ലായ്കയാൽ പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ പട്ടയം നൽകുന്നതും, പഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും കൈവശരേഖ നൽകുന്നതും അപേക്ഷിക്കുന്ന ആളുകളുടെ പേരിലാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

റവന്യൂ പുറംപോക്ക് ഭൂമി ഗ്രാമപഞ്ചായത്തിന് പൊന്നും വിലയ്ക്ക് നൽകുന്നതിന് നടപടി

13(1323) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സർക്കാർ സ്ഥാപനങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസുകളുടെ നിർമ്മാണത്തിനും മറ്റുമായി ചെറുതന വില്ലേജ് ഓഫീസ് പരിസരത്തുള്ള റവന്യൂ പുറംപോക്ക് ഭൂമി ഗ്രാമപഞ്ചായത്തിന് പൊന്നും വിലയ്ക്ക് നൽകുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഭൂമി, ചെറുതന ഗ്രാമപഞ്ചായത്തിന് കൈമാറുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly